# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7202 — 11.07.14 ൽ – മറുപടിക്ക്

## റേഷൻ സാധനങ്ങളുടെ സബ്സിഡി ബാങ്കുകൾ വഴിയാക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ചന്ദ്രൻ<br>,, കെ.കെ ജയചന്ദ്രൻ<br>,, ബി.ഡി. ദേവസ്സി<br>,, സി. കൃഷ്ണൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ സാധനങ്ങളുടെ സബ്സിഡി ബാങ്കുകൾ വഴിയാക്കാൻ പദ്ധതി യുണ്ടോയെന്ന് അറിയിക്കുമോ; | (എ) എ.പി.എൽ.(എസ്.എസ്) വിഭാഗത്തിൽപ്പെട്ട കാർഡുടമകൾക്ക് നൽകുന്ന അരിയുടെ സബ്സിഡി, അരിയുടെ വില കുറച്ചു നൽകുന്നതിനു പകരം അവരവരുടെ ബാങ്ക് അക്കൗണ്ടുകൾ വഴി നേരിട്ട് നൽകുവാനുള്ള സംവിധാനം ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് 17.11.2012 ലെ സ.ഉ(കൈ)നം.32/12/ഭ.പൊ.വി.വ നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതുകൂടാതെ മണ്ണെണ്ണയുടെ സബ്സിഡി നേരിട്ടു ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന പദ്ധതിയും **(DTCK, 2012)** വിഭാവനം ചെയ്തിരുന്നു. രണ്ടു പദ്ധതികളും നാളിതുവരെയും ആരംഭിച്ചിട്ടില്ല. വ്യാപാരികളും, ഇതര സംഘടനകളുമായി ചർച്ച ചെയ്തേ ഈ തീരുമാനം നടപ്പിലാക്കൂ. |
| (ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തുള്ള ഭൂരിപക്ഷം കാർഡുടമകൾക്കും സബ്സിഡി പ്രയോജനപ്പെടുത്താൻ കഴിയാത്ത സ്ഥിതി യുണ്ടാകുമെന്ന കാര്യം അറിവുള്ളതാണോ; വ്യക്തമാക്കുമോ ? | (ബി) ഒരു കാർഡുടമയ്ക്കും സബ്സിഡിയുടെ പ്രയോജനം നഷ്ടമാകുന്ന അവസ്ഥയുണ്ടാവില്ല. സബ്സിഡി യഥാർത്ഥ ഗുണഭോക്താവിനു തന്നെ ലഭിക്കുന്നു എന്നുറപ്പ് വരുത്തുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ